## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1 777 — 04.10.2016 -ൽ മറുപടിക്ക്

**"ടേക്ക് എ ബ്രേക്ക് " പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ.എ.സി.മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ (ഡി.റ്റി.പി.സി) പ്രവർത്തനങ്ങൾ സാധ്യതയ്ക്കനുസൃതമായി ഉയരാത്തതുമൂലം വിനോദ സഞ്ചാര മേഖലയിൽ വേണ്ടത്ര വികസനം ഉണ്ടായിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

എ) ആലപ്പുഴ ഡി.ടി.പി.സി.യിൽ മാർച്ച് 8 മുതൽ സ്ഥിരമായ സെക്രട്ടറി ഇല്ല. സ്ഥിരമായ ഒരു സെക്രട്ടറിയുടെ അഭാവം ഡി.ടി.പി.സി.യുടെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം വരുത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ബി) "ടേക്ക് എ ബ്രേക്ക് " പദ്ധതിയിൽ പെടുത്തി ജില്ലയിൽ എവിടെയെല്ലാമാണ് വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഒരുക്കിയിട്ടുള്ളത്; അതിന്റെ ടെണ്ടർ നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ രണ്ട് യൂണിറ്റുകളാണ് ഒരുക്കിയിട്ടുള്ളത്.

1. <u>ഹരിപ്പാട് ടേക്ക് എ ബ്രേക്ക്</u> - ഹരിപ്പാട് KSRTC ബസ് സ്റ്റേഷനും മാധവ ജംഗ്ഷനുമിടയിലായി ടേക്ക് എ ബ്രേക്ക് യൂണിറ്റ് 26.02.2016 ന് ഉദ്ഘാടനം ചെയ്യുകയും മാർച്ച് 1 മുതൽ വി. മുരളീധരൻ, മുരളി ഹോട്ടൽ, ഹരിപ്പാട് എന്ന വ്യക്തിക്ക് ലീസിന്

നൽകുകയും ചെയ്തിട്ടുണ്ട്.

2. <u>ചേർത്തല ടേക്ക് എ ബ്രേക്ക്</u> - ചേർത്തല റെയിൽവേ സ്റ്റേഷന് എതിർവശം 28.02.2016 ൽ ടി യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയും 23.06.2016-ൽ നടന്ന ടെണ്ടർ പ്രകാരം ഫിറോസ് ഉസ്മൽ സേക്, കടക്കരപ്പള്ളി പി.ഒ, ചേർത്തല എന്ന വ്യക്തിക്ക് ലീസിന് നൽകുകയും ചെയ്തിട്ടുണ്ട്.

സി) ഏതെങ്കിലും സ്ഥാപനം ഇതിനകം കരാർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

സി) രണ്ട് യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) ടേക്ക് എ ബ്രേക്ക് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം മാത്രം പൂർത്തിയാക്കി ഉത്ഘാടനം ചെയ്തതൊഴിച്ചാൽ പ്രവർത്തിക്കാനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡി) ഹരിപ്പാട് ടേക്ക് എ ബ്രേക്ക് സെന്ററിന്റെ ടോയ് ലറ്റ് ബ്ലോക്ക് ടാങ്കിന്റെ നിർമ്മാണത്തിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് പരിഹരിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചേർത്തല ടേക്ക് എ ബ്രേക്ക് കെട്ടിടത്തിനും ATM കൗണ്ടറിന്റേയും ഇലക്ട്രിക് കണക്ഷനു വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ

ഡെപ്പോസിറ്റ് തുക അടച്ചിട്ടുണ്ട്. ചേർത്തലയിലും ടേക്ക് എ ബ്രേക്ക് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ പൂർത്തീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ.